# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –6999 02.11.2011 ൽ മറുപടിക്ക്**

**<u>റോഡുകളുടെ പുനഃനിർമ്മാണം</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്തുവകുപ്പു മന്ത്രി) |
| (എ) നേമം നിയോജക മണ്ഡലത്തിലെ കാലടി-മരുതൂർകടവ് റോഡ്, പാപ്പനംകോട്-പാമാംകോട് റോഡ് എന്നിവ പുനർനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) നേമം നിയോജക മണ്ഡലത്തിലെ കാലടി- മരുതൂർക്കടവ് റോഡിന്റെ പുനർ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. പാപ്പനംകോട് -പാമാംകോട് റോഡിന്റെ പുനർ നിർമ്മാണം പരിഗണിക്കാവുന്നതാണ്. |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ബി) ബഡ്ജറ്റ് വർക്ക് 2010-11ൽ ഉൾപ്പെടുത്തി പുനർനിർമ്മാണം നടത്തുന്നതിനു വേണ്ടി കാലടി മരുതൂർക്കടവ് റോഡിന് 280 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 8.50 മീറ്റർ വീതിയിൽ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. റോഡ് ടാർ ചെയ്ത് ഇരുപാർശ്വങ്ങളിലും ഓടകളും കേബിൾ സ്ഥാപിക്കുന്നതിന് പ്രത്യേക ഡക്ടുകളും ഉൾപ്പെടെയാണ് വിഭാവനം ചെയ്തിട്ടുളളത്. |

സെക്ഷൻ ഓഫീസർ